# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3455      12.05.2017-ന് മറുപടിയ്ക്ക്

## വായ്പകൾ ലഭിക്കാനുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ബി.സി.ഡി.സി, പിന്നോക്ക - ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകുന്ന വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, തൊഴിൽ തേടി വിദേശത്തു പോകുന്നതിനുള്ള വായ്പ, സുവർണ്ണ ശ്രീ വായ്പ എന്നിവ ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണ്; | (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധന കാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധന കാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോർപ്പറേഷന്റെ സ്വന്തം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വിവാഹ വായ്പ, തൊഴിൽ തേടി വിദേശത്ത് പോകുന്നതിനുള്ള വായ്പ, സുവർണ്ണശ്രീ വായ്പ എന്നിവ ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 1,20,000/- രൂപയാണ്. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) ഫണ്ട് വിനിയോഗിച്ച് മറ്റ് പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി) പ്പെട്ടവർക്ക് നടപ്പിലാക്കുന്ന സ്വയംതൊഴിൽ വായ്പയ്ക്ക് ഗ്രാമപ്രദേശത്ത് അധിവസിക്കുന്നവർക്ക് 98,000/- രൂപയും, നഗരപ്രദേശത്ത് അധിവസിക്കുന്നവർക്ക് 1,20,000/- രൂപയുമാണ് കുടുംബ വാർഷിക വരുമാന പരിധി. ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധന കാര്യ കോർപ്പറേഷൻ (NMDFC) ഫണ്ട് |

(....2)

വിനിയോഗിച്ച് മത്സ്യനപക്ഷ വിഭാഗ ത്തിൽപ്പെട്ടവർക്ക് നടപ്പിലാക്കുന്ന രണ്ട് വ്യത്യസ്ത സ്വയം തൊഴിൽ വായ്പാ പദ്ധതി കൾ നിലവിലുണ്ട്. പദ്ധതി ഒന്ന് പ്രകാരം ഗ്രാമപ്രദേശത്ത് അധിവസിക്കുന്നവർക്ക് 81,000/- രൂപയും, നഗരപ്രദേശത്ത് അധിവസിക്കുന്നവർക്ക് 1,03,000/-രൂപയു മാണ് കുടുംബ വാർഷിക വരുമാന പരിധി. പദ്ധതി രണ്ട് പ്രകാരം 6 ലക്ഷം രൂപവരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് വായ്പ ലഭിക്കും.

(ബി) പ്രസ്തുത വായ്പകൾ ലഭിക്കുന്നതിനായുള്ള നിലവിലുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ബി) ദേശീയ ഏജൻസികളുടെ വായ്പാ പദ്ധതി വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് സ്വയം തൊഴിൽ വായ്പാ പദ്ധതി നടപ്പി ലാക്കുന്നതെന്നതിനാൽ വരുമാന പരിധി യിൽ ഭേദഗതി വരുത്തുവാൻ കോർപ്പറേ ഷന് അധികാരമില്ല. സ്വന്തം ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പ റേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതി കളുടെ വരുമാന പരിധി 01,04.2017 മുതൽ 1,03,000/- രൂപയിൽ നിന്നും 1,20,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**